**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4998** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊന്നാനി റസ്റ്റ് ഹൗസിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്. 2 ജൂനിയർ സൂപ്രണ്ട്, 3 ഹെഡ് ക്ലർക്ക്, 19 ക്ലർക്ക്, 5 ഓഫീസ് അറ്റൻഡന്റ് എന്നിവരെയാണ് വിവിധ റസ്റ്റ് ഹൗസുകളിൽ നിയമിച്ചിരിക്കുന്നത്. അതോടൊപ്പം വാനിഷിംഗ് കാറ്റഗറിയിൽപ്പെട്ട 6 റോളർ ഡ്രൈവർ, 38 റോളർ ക്ലീനർ എന്നീ തസ്തികകളിലുള്ള ജീവനക്കാരെ റസ്റ്റ് ഹൗസിലെ ജീവനക്കാരുടെ അപര്യാപ്തത പരിഗണിച്ച് കെയർ ടേക്കർ തസ്തികയിൽ താല്ക്കാലിക ചുമതല നൽകിയും നിയമിച്ചിട്ടുണ്ട്. |
| (ബി) | പൊന്നാനി നിയോജക മണ്ഡലത്തിലെ പൊന്നാനി റസ്റ്റ് ഹൗസിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പൊന്നാനി റസ്റ്റ് ഹൗസിൽ നിലവിലുള്ള അനുവദനീയ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ